ഇ.മ.യൗവിന് പുരസ്കാരം

ന്യൂഡൽഹി: ഫിലിം ക്രിട്ടിക്സ് ഗിൽഡ് ഓഫ് ഇന്ത്യയുടെ 2018ലെ മികച്ച ഇന്ത്യൻ സിനിമയ്ക്കുള്ള പുരസ്കാരം ലിജോ ജോസ് പെല്ലിശ്ശേരി സംവിധാനം ചെയ്ത ഇ.മ.യൗവിന് ലഭിച്ചു. ഇന്ത്യയിൽ നിന്നുള്ള 23 ചലച്ചിത്ര നിരൂപകരിൽ പകുതിയോളം പേർ ഇ.മ.യൗവിനെ നാമനിർദ്ദേശം ചെയ്തു. റഹി അനിൽ ബർവെയുടെ ഇംബാഡ്, ആദിത്യ വിക്രം സെൻഗുപ്തയുടെ ജോനകി, റിമാ ദാസിന്റെ ബുൾ ബുൾ ക്യാൻ സിംഗ് തുടങ്ങിയവയും ഈ വർഷം നാമനിർദ്ദേശം ചെയ്യപ്പെട്ടിരുന്നു.

മോദി-സൽമാൻ ചർച്ചഇന്ന്

ന്യൂഡൽഹി: രണ്ടു ദിവസത്തെ സന്ദർശത്തിന് സൗദി രാജകുമാരൻ മുഹമ്മദ് ബിൻ സൽമാൻ ബിൻ അബ്ദുൾ അസീസ് അൽ സൗദ് ഡൽഹിയിലെത്തി. ഹൈദരാബാദ് ഹൗസിൽ അദ്ദേഹം ഇന്ന് പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ചർച്ച നടത്തും. പുൽവാമാ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഇരു നേതാക്കളും തമ്മിലുള്ള ചർച്ച നിർണായകമാണ്.

നാഗേശ്വരറാവുവിന്റെ നിയമനം: ഹർജി തള്ളി

ന്യൂഡൽഹി: സി.ബി.ഐ ഇടക്കാല ഡയറക്ടറായി എം.നാഗേശ്വരറാവുവിനെ നിയമിച്ചത് ചോദ്യം ചെയ്തുള്ള ഹർജിയിൽ ഇടപെടാൻ സുപ്രീംകോടതി വിസമ്മതിച്ചു. സ്ഥിരം ഡയറക്ടറെ നിയമിച്ച സാഹചര്യത്തിലാണ് നടപടി. സി.ബി.ഐ ഡയറക്ടർ നിയമനം സുതാര്യമാക്കാൻ കൂടുതൽ നടപടികൾ വേണമെന്ന ആവശ്യവും ജസ്റ്റിസ് അരുൺമിശ്ര അദ്ധ്യക്ഷനായ ബെഞ്ച് പരിഗണിച്ചില്ല.

ബിക്കാനിറിലെ പാക് പൗരൻമാരോട് രാജ്യം വിടാൻ നിർദ്ദേശം

ബിക്കാനിർ: രാജസ്ഥാനിലെ അതിർത്തി നഗരമായ ബിക്കാനീറിലുള്ള പാകിസ്ഥാൻകാരോട് 48 മണിക്കൂറിനുള്ളിൽ രാജ്യം വിടണമെന്നാവശ്യപ്പെട്ട് ബിക്കാനീർ ജില്ലാ മജിസ്ട്രേട്ട് അടിയന്തര ഉത്തരവിട്ടു. പുൽവാമ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ സി.ആർ.പി.സി 144 പ്രകാരമാണ് ഉത്തരവിറക്കിയത്.

പാകിസ്ഥാൻ വംശജർക്ക് നഗരത്തിൽ ഹോട്ടലുകളോ ലോഡ്ജുകളോ നൽകരുത്. ഇവരുമായി നേരിട്ടോ അല്ലാതെയോ ഒരു തരത്തിലുള്ള വ്യവസായ ബന്ധവും നടത്തരുതെന്നും കർശന നിർദേശമുണ്ട്.

അടിയന്തര ആവശ്യങ്ങൾക്ക് വിളിക്കാം 112

ന്യൂഡൽഹി: അടിയന്തരഘട്ടങ്ങളിൽ സഹായം ലഭ്യമാക്കാനുള്ള 112 എന്ന എമർജൻസി നമ്പർ കേന്ദ്രസർക്കാർ പുറത്തിറക്കി. പൊലീസ്, അഗ്നിശമന വിഭാഗം, സ്ത്രീ സുരക്ഷാ, ആരോഗ്യം തുടങ്ങിയവയുമായി ബന്ധപ്പെട്ട അടിയന്തര സഹായങ്ങൾക്ക് കേരളം അടക്കം 16 സംസ്ഥാനങ്ങളിൽ 112ൽ വിളിച്ചാൽ മതി.

ഉടൻ ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും എമർജൻസി റെൺസ് പോൺസ് സപ്പോർട്ട് സിസ്റ്റം (ഇ.ആർ.എസ്.എസ്) അടിസ്ഥാനമാക്കിയുള്ള 112 ലഭ്യമാകും. ഡൽഹിയിൽ കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്നാഥ് സിംഗും വനിതാ ശിശുക്ഷേമ മന്ത്രി മേനകാ ഗാന്ധിയും ചേർന്നാണ് അടിയന്തര നമ്പർ പുറത്തിറക്കിയത്.

യുദ്ധാനന്തര 'ചുംബന' നായകൻ മെൻഡോൺസയ്ക്ക് വിട

ന്യൂയോർക്ക്: രണ്ടാം ലോക മഹായുദ്ധം അവസാനിച്ചതിന്റെ ആനന്ദത്തെ ഒരു ചുംബനത്തിലൂടെ ലോകത്തിന് കാട്ടിക്കൊടുത്ത 'ദ കിസ്' ചിത്രത്തിലെ നായകൻ ജോർജ് മെൻഡോൺസ വിടവാങ്ങി. 95 വയസായിരുന്നു.

ലോകമഹായുദ്ധം അവസാനിച്ചതിന്റെ ആഹ്ലാദത്തിൽ തിക്കിരികെ നിന്ന നഴ്സിനെ വാരിപ്പുണർന്ന് തീവ്രമായി ചുംബിക്കുന്ന നാവികന്റെ ചിത്രം വർഷങ്ങൾക്കിപ്പുറവും യുദ്ധാനന്തര ആനന്ദത്തിന്റെ പ്രതീകമായി വാഴ്ത്തപ്പെടുന്നു. 'ദ കിസ്' എന്ന ഈ ചരിത്ര ഫോട്ടോ ആൽഫ്രഡ് ഐസൻസ്റ്റെയ്ഡ് എന്ന ഫോട്ടോഗ്രാഫറുടേതായിരുന്നു.

1945 ആഗസ്റ്റ് 14 ജപ്പാൻ അമേരിക്കയ്ക്കുമുന്നിൽ കീഴടങ്ങിയതിന്റെ ആഹ്ലാദപ്രകടനത്തിലാണ് ന്യൂയോർക്കിലെ ടൈംസ് സ്ക്വയർ. ന്യൂയോർക്കിലെ നഗരവീഥികൾ അത്യാഹ്ലാദത്തിൽ മുങ്ങിയപ്പോൾ ആരവങ്ങൾക്കിടയിൽ ജോർജ് മെൻഡോൺസ അരികെ നിന്ന നഴ്സ് ഗ്രീറ്റ സിമ്മർ ഫ്രീഡ്മാനെ വാരിപ്പുണർന്ന് ചുംബിച്ചു. ചരിത്ര ചുംബനത്തെ ആൽഫ്രഡ് തന്റെ കാമറയിലൊളിപ്പിച്ചു. ലൈഫ് മാഗസിനിൽ ചിത്രം അച്ചടിച്ചുവന്നു. വർഷങ്ങൾക്കു ശേഷമാണ് ചിത്രത്തിലെ നായികാ നായകൻമാരെ തിരിച്ചറിഞ്ഞത്.

നാവികസേനാ കപ്പലുകളിൽ യുദ്ധത്തിൽ പരിക്കേറ്റ സൈനികരെ ആത്മാർത്ഥതയോടെ പരിചരിക്കുന്ന നഴ്സുമാരെ കണ്ടിട്ടുണ്ടെന്നും അവരോടുള്ള ബഹുമാനം മനസിൽ സൂക്ഷിച്ചിരുന്നതിനാലാണ് യുദ്ധം അവസാനിച്ച വാർത്ത കേട്ടയുടൻ അരികെ നിന്ന നഴ്സിനെ ചുംബിച്ചതെന്നും ജോർജ് 2005ൽ

ജോർജ് മെൻഡോൺസ

ഒരു ചാനൽ അഭിമുഖത്തിൽ പറഞ്ഞിരുന്നു.

അതൊരു പ്രണയപ്രകടനമായിരുന്നില്ലെന്നും ആഘോഷങ്ങൾക്കിടെ പ്രതീക്ഷിക്കാതെ ഒരാൾ അടുത്തെത്തി കടന്നുപിടിച്ചു ചുംബിക്കുകയായിരുന്നെന്ന് ഗ്രീറ്റയും അഭിമുഖത്തിൽ പറഞ്ഞു. 2016ലാണ് ഗ്രീറ്റ ലോകത്തോട് വിടവാങ്ങിയത്.

ഐസൻസ്റ്റെയ്ഡ് പകർത്തിയ ലോകപ്രശസ്ത ചിത്രം 'ദ കിസ്'

കുൽഭൂഷൺ ജാദവ് കേസ്; വാദം നീട്ടണമെന്ന പാക് ആവശ്യം തള്ളി

ഹേഗ്: കുൽഭൂഷൺ ജാദവ് കേസിൽ വാദം നീട്ടിവയ്ക്കണമെന്ന പാകിസ്ഥാന്റെ ആവശ്യം അന്താരാഷ്ട്ര നീതിന്യായ കോടതി തള്ളി. വാദത്തിനിടെ പാകിസ്ഥാന്റെ അഡ്ഹോക് ജഡ്ജിയെ ഹൃദയസ്തംഭനത്തെ തുടർന്ന് തിങ്കളാഴ്ച ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു.

ഈ സാഹചര്യം ചൂണ്ടിക്കാണിച്ചാണ് പുതിയ ജഡ്ജി സത്യപ്രതിജ്ഞ ചെയ്യുംവരെ കേസിന്റെ വാദം നീട്ടിവയ്ക്കണമെന്ന് പാകിസ്ഥാൻ ആവശ്യപ്പെട്ടത്. പാക് ജഡ്ജി കോടതിയിൽ ഇല്ലാത്തത് ഗുണകരമാകില്ലെന്ന് പാക് അറ്റോർണി ജനറൽ അൻവർ മൻസൂർ ഖാൻ പറഞ്ഞു.

തുടർന്ന് മൻസൂർ ഖാൻ പാകിസ്ഥാന്റെ വാദങ്ങൾ കോടതിയിൽ നിരത്തി. 2014ലെ പെഷവാർ സ്ഫുൾ ആക്രമണത്തിനു പിന്നിൽ ഇന്ത്യയാണെന്ന് മൻസൂർ ഖാൻ ആരോപിച്ചു. പാകിസ്ഥാന്റെ പല ചോദ്യങ്ങൾക്കും ഇന്ത്യ മറുപടി നൽകുന്നില്ലെന്നും പാകിസ്ഥാൻ കോടതിയിൽ പറഞ്ഞു.

പുൽവാമ ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യ-പാക് ബന്ധം വഷളായിരിക്കെ തിങ്കളാഴ്ചയാണ് അന്താരാഷ്ട്ര നീതിന്യായ കോടതി ആസ്ഥാനമായ ഹേഗിൽ കുൽഭൂഷൺ ജാദവ് കേസിൽ വാദം തുടങ്ങിയത്. കുൽഭൂഷണെ ഉടൻ മോചിപ്പിക്കണമെന്നും കേസ് പാകിസ്ഥാൻ വ്യാജപ്രചാരണങ്ങൾക്കുള്ള ആയുധമാക്കുകയാണെന്നും ആദ്യദിനം ഇന്ത്യയ്ക്കുവേണ്ടി ഹരീഷ് സാൽവെ വാദിച്ചു.

തമിഴകത്ത് ബി.ജെ.പി-എ.ഡി.എം.കെ സഖ്യം

പി.എം.കെ 7 ബി.ജെ.പി 5

ചെന്നൈ: നീണ്ട ചർച്ചകൾക്കൊടുവിൽ തമിഴ്നാട്ടിലെ ഭരണ കക്ഷിയായ അണ്ണാ ഡി.എം.കെയും ബി.ജെ.പിയും തമ്മിൽ ലോക്സഭാ തിരഞ്ഞെടുപ്പ് സഖ്യത്തിന് ധാരണയായി. ലോക്സഭാ തിരഞ്ഞെടുപ്പിൽ തമിഴ്നാട്ടിലും പുതുച്ചേരിയിലും അണ്ണാ ഡി.എം.കെയും ബി.ജെ.പിയും സഖ്യമായി മത്സരിക്കും. എ.ഡി.എം.കെയുടെ നേതൃത്വത്തിൽ പി.എം.കെയും (പട്ടാളിമക്കൾകക്ഷി) സഖ്യവുമായി ചേരും.

തമിഴ്നാട്ടിലെ 39 മണ്ഡലങ്ങളിൽ അഞ്ച് സീറ്റിൽ ബി.ജെ.പിയും ഏഴ് സീറ്റുകളിൽ പി.എം.കെയും മത്സരിക്കും. അണ്ണാ ഡി.എം.കെ നേതാക്കളുമായി ബി.ജെ.പി ഇന്നലെ ചെന്നൈയിൽ നടത്തിയ ചർച്ചകൾക്കൊടുവിലാണ് പ്രഖ്യാപനം.

തമിഴ്നാട്ടിൽ ബി.ജെ.പി തിരഞ്ഞെടുപ്പ് ചുമതലയുള്ള കേന്ദ്ര റെയിൽവേ മന്ത്രി പിയൂഷ് ഗോയൽ, കേന്ദ്രമന്ത്രി പൊൻ രാധാകൃഷ്ണൻ, ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ തമിഴിസൈ സൗന്ദരരാജൻ, എ.ഡി.എം.കെ ജോയിന്റ് കോ-ഓഡിനേറ്ററായ തമിഴ്നാട് മുഖ്യമന്ത്രി എടപ്പാടി പളനിസാമി, ഉപമുഖ്യമന്ത്രി പനീർസെൽവം, പി.എം.കെ നേതാക്കളായ എസ്.രാമദോസ്, അൻപുമണി രാമദോസ് തുടങ്ങിയ പ്രമുഖർ ചർച്ചയിൽ പങ്കെടുത്തു.

തമിഴ്നാട്ടിൽ നടക്കാനിരിക്കുന്ന 21 നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിലും സഖ്യം ബാധകമാണെന്ന് നേതാക്കൾ അറിയിച്ചു. തമിഴ്നാട്ടിലെയും പുതുച്ചേരിയിലെയും നാൽപത് സീറ്റുകളിലും സഖ്യം വിജയിക്കുമെന്ന് പളനിസാമി ആത്മവിശ്വാസം പ്രകടിപ്പിച്ചു.

2014ൽ അണ്ണാ ഡി.എം.കെ നേതാവ് ജയലളിത ബി.ജെ.പിയുമായി സഖ്യത്തിന് വിസമ്മതിച്ചതിനെ തുടർന്ന് എം.ഡി.എം.കെ, പി.എം.കെ, ഡി.എം.ഡി.കെ തുടങ്ങി പ്രാദേശിക പാർട്ടികളുമായി കൈകോർത്ത ബി.ജെ.പിക്ക് വെറും രണ്ട് സീറ്റുകളിൽ മാത്രമാണ് വിജയിക്കാനായത്. ജയലളിതയുടെ മരണത്തിനു പിന്നാലെ കുഴഞ്ഞു മറിഞ്ഞു കിടക്കുന്ന തമിഴ്നാട്ടിലെ രാഷ്ട്രീയ സാഹചര്യം മുതലെടുത്ത് നേട്ടമുണ്ടാക്കാനാണ് ബി.ജെ.പിയുടെ ശ്രമം.

സഖ്യ തീരുമാനം മാദ്ധ്യമങ്ങളെ അറിയിക്കുന്ന കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ. പനീർശെൽവവും മറ്റു നേതാക്കളും സമീപം

> അണ്ണാ ഡി.എം.കെയും ബി.ജെ.പിയും തമ്മിലുള്ള സഖ്യ ചർച്ചകൾ ഫലം കണ്ടു. ലോക്സഭയിൽ ഒരുമിച്ച് മത്സരിക്കുന്നതിൽ അതീവ സന്തോഷം
> - പിയൂഷ് ഗോയൽ

സൂര്യകിരൺ ജെറ്റുകൾ കൂട്ടിയിടിച്ച് പൈലറ്റ് മരിച്ചു

ബംഗളൂരു: ഇന്ത്യൻ വ്യോമസേനയുടെ രണ്ടു സൂര്യകിരൺ ജെറ്റ് വിമാനങ്ങൾ കൂട്ടിയിടിച്ച് തകർന്നുവീണ് ഒരു പൈലറ്റ് മരിച്ചു. രണ്ടുപൈലറ്റുമാർ രക്ഷപ്പെട്ടു. ബംഗളൂരു യെലഹങ്ക എയർബേസിലാണ് അപകടം നടന്നത്. എയ്റോ ഇന്ത്യ പ്രദർശനത്തിനുള്ള പരിശീലനത്തിടെയായിരുന്നു അപകടം.

സംഭവത്തിൽ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. ഒരു നാട്ടുകാരനും പരിക്കേറ്റിട്ടുണ്ട്. ഇന്നലെ രാവിലെ 11.50-നായിരുന്നു അപകടം. യെലഹങ്ക വിമാനത്താവളത്തിനു സമീപം ഐ.എസ്.ആർ.ഒ പറമ്പിനു സമീപത്തായാണ് ജെറ്റുകൾ കൂട്ടിയിടിച്ച് തകർന്നു വീണത്. ഹെബ്ബൽ നിറ്റെ മിനാക്ഷി എൻജിനിയറിംഗ് കോളേജിന് സമീപമാണിത്.

കൂട്ടിയിടിച്ച് തകർന്ന സൂര്യകിരൺ ജെറ്റ് വിമാനത്തിന്റെ അവശിഷ്ടങ്ങൾ

ഏറെ പ്രയാസകരമായ അഭ്യാസത്തിനു ശ്രമിക്കുന്നതിനിടെ വിമാനങ്ങൾ കൂട്ടിയിടിച്ച താഴേക്കു പതിക്കുന്നതിന്റെ ദൃശ്യങ്ങളും പുറത്തുവന്നിട്ടുണ്ട്. ഇന്നു മുതൽ 24 വരെ നടക്കാനിരിക്കുന്ന എയ്റോ ഇന്ത്യ പ്രദർശനത്തിന്റെ പരിശീലനത്തിലായിരുന്നു സൂര്യകിരൺ ജെറ്റ് വിമാനങ്ങൾ. പ്രതിരോധ മന്ത്രി നിർമ്മലാ സീതാരാമൻ സംഭവസ്ഥലം സന്ദർശിച്ചു. അധ്വാൻസ് ജെറ്റ് ട്രെയിനർ ഹോക്ക് വിമാനങ്ങളാണു പരിശീലനത്തിൽ പങ്കെടുത്തത്.

ധാർഷ്ട്യം വിടാതെ പാകിസ്ഥാൻ

ആക്രമിച്ചാൽ തിരിച്ചടിക്കും: ഇമ്രാൻ ഖാൻ

ഇസ്ലാമാബാദ്: പുൽവാമ ഭീകരാക്രമണത്തിനു പിന്നിൽ പാകിസ്ഥാനാണെന്ന് വ്യക്തമാക്കാൻ കഴിയുന്ന വിശ്വസനീയമായ തെളിവുകൾ നൽകിയാൽ നടപടിയെടുക്കാമെന്ന് പാക് പ്രധാനമന്ത്രി ഇമ്രാൻ ഖാൻ പറഞ്ഞു. എന്നാൽ ഇമ്രാൻ ഖാന്റെ പ്രതികരണത്തിൽ അദ്ഭുതമില്ലെന്ന് ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം പ്രതികരിച്ചു.

ഭീകരാക്രമണം പാക് താത്പര്യമല്ലെന്നും രാജ്യത്തിന്റെ സാമ്പത്തിക സ്ഥിരത മാത്രമാണിപ്പോൾ ലക്ഷ്യമിടുന്നതെന്നും വീഡിയോ സന്ദേശത്തിൽ ഇമ്രാൻ വ്യക്തമാക്കി.

എന്നാൽ ഇന്ത്യ ആക്രമിച്ചാൽ പാകിസ്ഥാൻ തിരിച്ചടിക്കുമെന്നും ഇമ്രാൻ ഖാൻ പറഞ്ഞു. പുൽവാമ "ഭീകരാക്രമണത്തിൽ അന്വേഷണവുമായി സഹകരിക്കും. ചർച്ചകളിലൂടെ വിവേകപൂർണമായി പ്രശ്നം പരിഹരിക്കണം. ഇന്ത്യ ആക്രമിച്ചാൽ തിരിച്ചടിക്കാൻ മടിക്കില്ല. ഒരു യുദ്ധം തുടങ്ങുന്നത് എളുപ്പമാണ്. എന്നാൽ അത് അവസാനിപ്പിക്കുന്നതിനാണ് ബുദ്ധിമുട്ട്- ഇമ്രാൻ കൂട്ടിച്ചേർത്തു.

പ്രാദേശികം

ആവേശം അലതല്ലി ചെല്ലമംഗലം പകൽപ്പൂരം!

ശ്രീകാര്യം: ജനസാഗരത്തിൽ ആറാടി ചെല്ലമംഗലം പകൽപ്പൂരം ആവേശക്കൊടുമുടികയറി. ശ്രീകാര്യം ചെല്ലമംഗലം ദേവീക്ഷേത്രത്തിലെ തൃക്കൊടിയേറ്റ് മഹോത്സവത്തോടനുബന്ധിച്ച് ഇന്നലെ ഏഴു ഗജവീരന്മാർ അണിനിരന്ന പൂരഘോഷയാത്രയാണ് നാടിനെ തൊട്ടുണർത്തിയത്.

പാമ്പാടി രാജൻ, മംഗലാംകുന്ന് അയ്യപ്പൻ, ചെർപ്പുളശേരി അനന്തപത്മനാഭൻ, പനയനാർകാവ് കാളിദാസൻ, കാണാവിള ശിവനാരായണൻ, പൂത്തൻകുളം അർജ്ജുനൻ, പൂത്തൻകുളം അനന്തപത്മനാഭൻ എന്നീ തലയെടുപ്പുള്ള കേരളത്തിലെ ഗജകേസരികളാണ് പകൽപൂരത്തിൽ അണിനിരന്നത്.

ഇന്നലെ വൈകിട്ട് 3.30 ന് കരിയം ജംഗ്ഷനിൽ ഗജവീരന്മാരെ സ്വീകരിച്ച് ക്ഷേത്രത്തിലേക്ക് ആനയിക്കുകയായിരുന്നു. ക്ഷേത്രത്തിലെത്തി തലയെടുപ്പോടെ നിന്ന ഏഴു ഗജകേസരികൾ പൂരാഘോഷത്തിന് മികവേകി.

ഘോഷയാത്രയ്ക്ക് അകമ്പടിയായി മുത്തുക്കുടകൾ, സ്പെഷ്യൽ നാഗസ്വരം, പഞ്ചവാദ്യവും പാണിവാദ്യവും, ശിങ്കാരിമേളങ്ങളും തെയ്യം, തിറ, പടയണി, വലിയ പൂക്കാവടി, ജണ്ടുകാവടി, കളിയാട്ടം, മയൂരനൃത്തം, വിളക്കാട്ടം, പഞ്ചാബി നൃത്തം, തംബോല, നാസിക്ഡോൾ, നെയ്യാണ്ടിമേളം തുടങ്ങിയവ ഘോഷയാത്രയ്ക്കൊപ്പം അണിനിരന്നപ്പോൾ റോഡിനിരുവശവും കാണികൾ തിങ്ങിനിറഞ്ഞിരുന്നു. ഘോഷയാത്രയ്ക്ക് ക്ഷേത്ര ട്രസ്റ്റ് പ്രസിഡന്റ് ജി.സോമദത്തൻ, സെക്രട്ടറി അജിത്ത് ബി. മേടവിള, ആർ. സുരേന്ദ്രൻ, പി. അനിൽകുമാർ, എസ്. സുരേഷ്, പി. ബിജുകുമാർ, ജി. കൃഷ്ണൻ വട്ടവിള, ഉത്സവ കമ്മിറ്റി കൺവീനർ പി. മനോജ്, പി. സുരേഷ്കുമാർ തുടങ്ങിയവർ നേതൃത്വം നൽകി.

ഇന്നലെ നടന്ന ചെല്ലമംഗലം പകൽപൂരത്തിൽ നിന്ന്

അലിയാവൂർ ശിവക്ഷേത്രത്തിൽ രണ്ട് കോടി രൂപയുടെ ടൂറിസം പദ്ധതി

പോത്തൻകോട്: എട്ടുവീട്ടിൽ പിള്ളമാരിൽ പ്രധാനിയായിരുന്ന ചെമ്പഴന്തിപിള്ള നിർമ്മിച്ച അലിയാവൂർ ശിവക്ഷേത്രത്തിൽ ടൂറിസം വകുപ്പ് നടപ്പാക്കുന്ന രണ്ട് കോടി രൂപയുടെ ടൂറിസം പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ നാളെ രാവിലെ 10ന് നിർവഹിക്കും.

തീർത്ഥാടക ടൂറിസം പദ്ധതിയിലുൾപ്പെടുത്തി രണ്ട് കോടി രൂപ ചെലവിലാണ് പിൽഗ്രിം അമിനിറ്റി സെന്റർ നിർമ്മിക്കുന്നത്. കൗൺസിലർ നാരായണമംഗലം രാജേന്ദ്രൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കൗൺസിലർമാരായ സുദർശനൻ, പ്രദീപ്കുമാർ, കെ.എസ്. ഷീല, ടൂറിസം ഡയറക്ടർ പി. ബാലകിരൺ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറി എസ്. ബിന്ദുമണി, വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളായ പൗഡിക്കോണം സനൽ, കരിയം മോഹനൻ, പൗഡിക്കോണം മോഹനൻ, മണികണ്ഠൻ, എൻ.എസ്.എസ് കരയോഗം പ്രസിഡന്റ് ശശിധരൻ നായർ, പൗഡിക്കോണം നോർത്ത് റസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് എം.എസ്. അരുൺകുമാർ എന്നിവർ പങ്കെടുക്കും.

അലിയാവൂർ ശിവക്ഷേത്രത്തിൽ നിർമ്മിക്കുന്ന പിൽഗ്രിം അമിനിറ്റി സെന്ററിന്റെ മാതൃക

സിസേറിയനുശേഷം 'അമ്മു' വീണ്ടും പ്രസവിച്ചു; ഡോക്ടറുടെ പിഴവെന്ന് ആരോപണം

നെയ്യാറ്റിൻകര : സിസേറിയനിലൂടെ പ്രസവിച്ച അമ്മു എന്ന നായ വീട്ടിൽകൊണ്ടുവന്ന് മണിക്കൂറുകൾക്കകം വീണ്ടും പ്രസവിച്ചു. ഉച്ചക്കട താഴംവിള വീട്ടിൽ അജിന്റെ നായയാണ് സിസേറിയനുശേഷം വീട്ടിൽ കൊണ്ടുവന്നതോടെ പിന്നെയും പ്രസവിച്ചത്. ഡോക്ടറുടെ പിഴവെന്ന് ആരോപിച്ച് നായയുടെ ഉടമ അജിൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് പരാതി നൽകി.

ഇക്കഴിഞ്ഞ ദിവസമാണ് സംഭവം. അജിന്റെ പഗ് ഇനത്തിൽപെട്ട നായയെ കഴിഞ്ഞ വെള്ളിയാഴ്ചയാണ് കടപ്പനക്കുന്നിലെ ഗവൺമെന്റ് മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. നായ അന്ന് രാവിലെ ഒരു കുഞ്ഞിനെ പ്രസവിക്കുകയും കുഞ്ഞ് ചത്തുപോവുകയും ചെയ്തു . തുടർന്ന് ശസ്ത്രക്രിയയിലൂടെ 4 കുഞ്ഞുങ്ങളെ പുറത്തെടുത്തെങ്കിലും ഒന്ന് ചത്തുപോയി. വൈകിട്ട് 3 മണിയോടെ വീട്ടിലെത്തിച്ച നായ വീണ്ടും 6 മണിക്ക് പ്രസവിക്കുകയായിരുന്നുവത്രേ. ആ കുഞ്ഞും ചത്തു. എന്നാൽ ഓപ്പറേഷനുശേഷം പുറത്ത് കൊണ്ടുവന്ന നായയുടെ പുറത്ത് ചോര ഉണ്ടായിരുന്നതിനാൽ ക്ലീൻ ചെയ്യാനായി ഉടമ അജിൻ പഞ്ഞി ചോദിച്ചെങ്കിലും, പഞ്ഞിയെല്ലാം തീർന്നെന്നും ക്ലീൻ ചെയ്യാനുള്ള പഞ്ഞി നിങ്ങൾ തന്നെ വാങ്ങണമെന്നും പറഞ്ഞു. തുടർന്ന് വാക്കുതർക്കത്തിലേർപ്പെട്ട അജിന്റെ സുഹൃത്ത് അനീഷിനെതിരെ ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോക്ടർ പേരൂർക്കട പൊലീസിൽ പരാതി നൽകുകയും ചെയ്തിരുന്നു.

അതേസമയം ഓപ്പറേഷൻ നടത്തിയ ജൂനിയർ ഡോക്ടർ അനൂപ് കാട്ടിയ പിഴവ് കാരണമാണ് നായ വീണ്ടും പ്രസവിച്ചതെന്നുകാട്ടി അജിൻ മുഖ്യമന്ത്രിക്കും വെറ്ററിനറി ഡയറക്ടർക്കും ഉന്നത ഉദ്യോഗസ്ഥർക്കും പരാതി നൽകി. പരാതിക്കൊപ്പം സിസേറിയന് ശേഷം നായ പ്രസവിച്ചതിന്റെ മൊബൈൽ ദൃശ്യങ്ങളും കൈമാറിയിട്ടുണ്ട്. എന്നാൽ 3 ഡോക്ടർമാരുടെ നേതൃത്വത്തിലാണ് ഓപ്പറേഷൻ നടന്നതെന്നും ഗർഭപാത്രം ക്ലീൻ ചെയ്ത് ഇന്നിക്കെട്ടിയത് താനാണെന്നും സിസേറിയന് ശേഷം വീണ്ടും പ്രസവം അസാദ്ധ്യമാണെന്നും ഓപ്പറേഷൻ നടത്തിയ ഡോ. അനൂപ് പറയുന്നു. പ്രസവത്തിനിടെ ചത്ത മൂന്ന് നായ്ക്കുട്ടികളെയും പോസ്റ്റ്മോർട്ടം ചെയ്യണമെന്നാവശ്യപ്പെട്ട് വെറ്ററിനറി ആശുപത്രികളെ സമീപിച്ചെങ്കിലും ആരും പോസ്റ്റ്മോർട്ടം നടത്താൻ തയ്യാറായിട്ടില്ലെന്ന് അജിൻ പറഞ്ഞു. പോസ്റ്റ്മോർട്ടം നടക്കാത്തതിനാൽ ചത്ത 3 നായ്ക്കുട്ടികളെയും സ്വകാര്യ ഫ്രീസറിൽ സൂക്ഷിച്ചിരിക്കുകയാണ് പരാതിക്കാരൻ.

ഉച്ചക്കട സ്വദേശി അജിനും സുഹൃത്ത് അനീഷും നായ്ക്കുട്ടികളുമായി. കുഞ്ഞുങ്ങളെ പ്രസവിച്ച പഗ് ഇനത്തിൽപെട്ട നായ സമീപം

തമിഴ്നാട്ടിൽ ഓൺലൈൻ വായ്പ തട്ടിപ്പ്: വിനയായത് വിളപ്പിൽശാലക്കാരന്

മലയിൻകീഴ്: വിളപ്പിൽശാലകൊല്ലംകോണത്തെ സ്വകാര്യ സ്വർണപ്പണയ സ്ഥാപനത്തിന്റെ വിലാസം ഗൂഗിളിൽ നിന്ന് തപ്പിയെടുത്ത് തമിഴ്നാട്ടിൽ ഓൺലൈൻ വായ്പാ തട്ടിപ്പ് നടത്തിയതായി പരാതി. തട്ടിപ്പിനിരയായവർ വായ്പ ആവശ്യപ്പെട്ട് സ്ഥാപനത്തിലെത്തിയപ്പോഴാണ് വിളപ്പിൽശാല സ്വദേശിയായ ഉടമ ഞെട്ടിയത്. ഒടുവിൽ തന്റെ നിരപരാധിത്വം ബോദ്ധ്യപ്പെടുത്താൻ വിളപ്പിൽശാല പൊലീസിനെ സമീപിച്ചിരിക്കുകയാണ് ഇയാൾ.

സേലം, ചെങ്കോട്ട, വിരുതുനഗർ സ്വദേശികളായ നാലു പേരാണ് കൊല്ലംകോണത്തെ സ്വർണപ്പണയ സ്ഥാപനത്തിൽ വായ്പയ്ക്കായി കഴിഞ്ഞ ദിവസമെത്തിയത്. സ്ഥാപനത്തിന്റെ പരസ്യത്തിൽ ആകൃഷ്ടരായി ഓൺലൈൻ വഴി വ്യക്തിഗത വായ്പയ്ക്ക് അപേക്ഷിച്ചവരാണ് ഇവർ. തിരിച്ചറിയൽ രേഖയുടെ പകർപ്പ് മാത്രം നൽകി 10 ലക്ഷവും അതിനുമുകളിലും വായ്പ ലഭിക്കുമെന്നായിരുന്നുവാഗ്ദാനം. അപേക്ഷയോടൊപ്പം കമ്പനി പറഞ്ഞതനുസരിച്ച് ഒരു ബാങ്കിന്റെ ദില്ലി ശാഖയിലുള്ള അക്കൗണ്ടിലേക്ക് 19, 700 രൂപ പ്രോസസിംഗ് ചാർജ്ജും ഇവർ നൽകിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാക്കി കഴിഞ്ഞപ്പോൾ വിളപ്പിൽശാലയിലെ സ്വകാര്യ സ്വർണപ്പണയ സ്ഥാപനത്തിന്റെ മേൽവിലാസം കമ്പനി തന്നെ ഇവർക്ക് നൽകി. ഇവിടെ എത്തി വായ്പ കൈപ്പറ്റാനായിരുന്നു നിർദ്ദേശം. കമ്പനിയെ വിശ്വസിച്ച് ഇവിടെ എത്തിയപ്പോഴാണ് തങ്ങൾ കബളിപ്പിക്കപ്പെട്ടതായി അറിയുന്നത്. സംഭവത്തെക്കുറിച്ച് വിളപ്പിൽശാല പൊലീസ് അന്വേഷണം നടത്തും.